# Weekly Devotion- December 2016
# The Mouth that Utter Oracle

(സുഭാഷിതം ചൊല്ലുന്ന നാവ്)




നൂറ്റി അൻപത് പേരടങ്ങിയ ഒരു ഹാളിൽ വിശുദ്ധസംസർഗ്ഗ ശുശ്രൂഷ നടക്കുകയാണ്. ആരാധന നയിക്കുന്ന ദൈവദാസൻ ആവർത്തിച്ചു പറയുന്ന ഒരു വാചകം ബാബു എന്ന ബാലന്റെ ഹൃദയത്തിലേക്ക് തുളച്ചു കയറി. “ഇന്ന് ഒരുക്കത്തോടെ വന്നവരെ കർത്താവ് മൂർച്ചയുള്ള ആയുധമാക്കട്ടെ” ആ വാചകം പറഞ്ഞ് പ്രാർത്ഥിക്കുക എന്നുള്ള ദൈവദാസന്റെ അഭ്യർത്ഥന ഏറ്റെടുത്ത കുഞ്ഞിന്റെ ഉള്ളം പരിശുദ്ധാത്മാവാൽ നിറഞ്ഞു. അവന് ശരീരത്തിൽ ഒരു കുളിരനുഭവപ്പെട്ടു, കണ്ണുകൾ നിറഞ്ഞൊഴുകി, വായിൽ പുതിയ ഒരനുഭവം. ഏത് ഭാഷയാണെന്ന് അറിയാത്ത കുഞ്ഞ് തന്നെ ആരും കേൾക്കേണ്ട എന്ന ചിന്തയിൽ തൂവാല വായിൽ തിരുകി. തൊട്ടടുത്തു നിന്ന മാതാവ് ഇത് ശ്രദ്ധിച്ചിരുന്നു.തൂവാല എടുത്താരാധിക്കുക എന്ന നിർദ്ദേശം അവന് നൽകി. അതനുസരിച്ച് തൂവാല വായിൽ നിന്നെടുക്കുകയും പുതിയ പാട്ട് ഒഴുകുവാൻ തുടങ്ങി. യേശു ഉള്ളിൽ ജനിച്ചവൻ സുഭാഷിതം ചൊല്ലിത്തുടങ്ങി. പിൽക്കാലത്ത് ദൈവത്തിന്റെ അരുളപ്പാട് വീണ്ടും വചിക്കുന്ന ഒരു വ്യക്തിയായി ദൈവമവനെ മാറ്റി.

യഹോവ ഭക്തി, ജ്ഞാനം, പരിജ്ഞാനം, വിവേകം (സദൃ:9:10)ഈ നാല് ഗുണങ്ങൾ ഉള്ളവന്റെ ഉള്ളിൽ പുതുജനനം ഉണ്ടാകുന്നു. അവന്റെ ഹൃദയം ശുഭവചനത്താൽ കവിയുകയും, അവന്റെ കൃതി(വാക്കുകൾ) രാജാവിന് വേണ്ടിയുള്ളതും ആകുന്നു. അവന്റെ നാവ് സമർത്ഥനായ ലേഖകന്റെ എഴുത്തുകോൽ ആകുന്നു എന്ന് സങ്കീ:(45:1)ൽ കാണാം.

സുഭാഷിതം എന്നാൽ പ്രവചനം എന്നാണർത്ഥം. പ്രവചനം എന്നാൽ ദൈവം പറയുവാൻ നിർദ്ദേശിച്ചത് പറയുക അഥവാ വീണ്ടും വചിക്കുക എന്നാണ്. ദൈവാത്മാവ് ഒരു വ്യക്തിയിൽ കൂടി വെളിപ്പെടുത്തുന്ന ഈ മഹത്വകരവും മനോഹരവുമായ വാക്കുകളേക്കാൾ മറ്റൊന്ന് ആരാലും പറയുവാൻ സാധ്യമല്ല. ഹൃദയത്തെ നിറയ്ക്കുവാൻ തക്കവാക്ക് യഹോവ നൽകുക മാത്രമല്ല, പോയി പറയുവാനും, എഴുതുവാനുമുള്ള നിർദ്ദേശം നൽകുകയും ചെയ്യുന്നു.

മാളികമുറിയിൽ ഒന്നിച്ചുകൂടിയിരുന്ന് പ്രാർത്ഥിച്ചവർക്ക് പരിശുദ്ധാത്മ ശക്തി ലഭിച്ചു. പരിശുദ്ധാത്മാവ് നിറഞ്ഞവർ അന്യഭാഷകളിൽ സംസാരിച്ചു. ആത്മാവ് നിറഞ്ഞവർ വായിൽ സുഭാഷിതം നിറഞ്ഞ് അത് ഉച്ചരിച്ചു തുടങ്ങി.




തനിച്ചു പാർക്കുന്ന യിസ്രായേൽ മക്കളെ കണ്ട് ഭയന്ന മോവാബ്യ രാജാവായ ബാലാക്ക് ഭൂതലത്തെ മൂടിയ ഈ ജനത്തെ ശപിക്കുവാൻ പ്രവാചകനായ ബിലെയാമിനോട് ആവശ്യപ്പെടുന്നു. കാള വയലിലെ പുല്ലു നക്കിക്കളയുന്നതു പോലെ ഈ കൂട്ടം നമ്മുടെ ചുറ്റുമുള്ള എല്ലാവരേയും നക്കിക്കളയും എന്ന് ബാലാക്ക് ബിലെയാമിനെ അറിയിച്ചു. (സംഖ്യ 22)പ്രവാചകന് പണത്തോട് കൊതിതോന്നി എന്ന് കണ്ട ദൈവം "ഞാൻ നിന്നോട് കല്പിക്കുന്ന വചനം മാത്രമേ പറയാവൂ" എന്ന മുന്നറിയിപ്പ് നൽകിയിരുന്നു. ഉള്ളിൽ പണത്തോടുള്ള ആഗ്രഹവും, പുറമേ താൻ നീതിമാനാണെന്ന ഭാവവും കാണിക്കുവാനാകാം യാഗപീഠം ഒരുക്കിച്ചത്.

പുറമേ ആത്മീക പരിവേഷമുള്ളവരുടെ വായിൽ സുഭാഷിതം വരുകയില്ല. തന്റെ ജനത്തെ ശപിക്കുവാൻ വന്നവന്റെ നാവിൻമേൽ യഹോവ തന്റെ വചനം ആക്കി കൊടുത്തു. മോവാബ്യപ്രഭുക്കൻമാരുടെ മുമ്പിൽ നിന്നു തന്നെ അതാ സുഭാഷിതം ഒഴുകിത്തുടങ്ങി. സംഖ്യ:(23,24) അദ്ധ്യായങ്ങളിൽ മനോഹരമായ ആ നാല് സുഭാഷിതങ്ങൾ കാണാം.

വർഷാവസാനത്തിലേക്ക് കടക്കുന്ന നാം പുതുവർഷത്തിന്റെ സന്തോഷം അനുഭവിക്കും മുൻപ് സ്വയം ഒരു ചോദ്യം ചോദിക്കുക 'എന്റെ ഉള്ളിൽ ഒരു പുതു ജനനത്തിന്റെ ആരംഭം തുടങ്ങിയോ ? യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ച് പുതുജനനത്തിന്റെ അനുഭവത്തിൽ ഞാൻ ആയോ ? ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏല്ക്കുന്നവരുടെ ഉള്ളിൽ പരിശുദ്ധാത്മാവ് വരുകയും ആത്മസന്തോഷം ലഭിക്കുകയും ചെയ്യുന്നു.

പരിശുദ്ധാത്മാവ് നിറഞ്ഞവളായി എലിസബേത്ത് പാടിയപാട്ടും, അതിന്റെ പ്രതിഗാനമായി വായിൽ നിന്ന് സുഭാഷിതം ഒഴുകിയ മറിയയുടെ പാട്ടും ലൂക്കോ:(1:41-45, 46-55) യുള്ള ഭാഗത്ത് കാണുന്നു. പ്രീയ കുഞ്ഞുങ്ങളേ ! ഉള്ളിൽ പരിശുദ്ധാത്മാവ് ജനിച്ച് പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയിൽ ജീവിച്ച് അനുഗ്രഹം പ്രാപിപ്പാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ. സുഭാഷിതം ചൊല്ലുന്ന വായായി നമ്മുടെ വായ് ആകുവാൻ പ്രാർത്ഥിക്കുക.

## പ്രാർത്ഥന

ഞങ്ങളുടെ ഉറപ്പുള്ള പാറയും കോട്ടയുമായ ദൈവമേ, അങ്ങ് ഞങ്ങളുടെ ദുർഗ്ഗമാകയാൽ സ്തോത്രം. ഞങ്ങൾക്ക് വിരോധമായി കൂടിയാലോചന നടത്തി ശപിക്കുവാൻ ഒരുങ്ങുന്നവന്റെ വായ് അനുഗ്രഹത്തിന്റെ വായ് ആക്കുന്നതിന് നന്ദി. ആ ലഭ്യത പ്രാപിപ്പാൻ ഞങ്ങൾ ആത്മാവിൻ ജനിച്ച് ആത്മാവിൽ നിലനില്ക്കുവാൻ കൃപ ചെയ്യേണമേ

ആമേൻ

**Santhamma Varghese**
Website: www.biblestudy.co.in
Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind